ഗ്രാമീണ ബാങ്കുകളിൽ കോർപ്പറേറ്റുകളുടെ ആധിപത്യത്തിനെതിരെ ഉൾ കത്തൽ

30 (*T 510) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ബാങ്കുകളുടെ ഓഹരിയുടെ സിംഹഭാഗവും കോർപ്പറേറ്റുകൾക്ക് കൈമാറാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മുൻപ് ഗ്രാമീണ ബാങ്കുകളിൽ കേന്ദ്ര സർക്കാരിന് 50%, സ്പോൺസർ ബാങ്കിന് 35%, സംസ്ഥാന സർക്കാരിന് 15% എന്നീ നിരക്കിലാണ് ഓഹരിയുണ്ടായിരുന്നത്. എന്നാൽ 2015-ലെ റീജിയണൽ റൂറൽ ബാങ്ക് അമെന്റ്മെന്റ് ആക്ട് 2015 പ്രകാരം റീജിയണൽ റൂറൽ ബാങ്കുകൾ കേന്ദ്ര/സംസ്ഥാന സർക്കാർ, സ്പോൺസർ ബാങ്ക് എന്നിവിടങ്ങളിൽ നിന്നല്ലാതെ മൂലധന സമാഹരണം നടത്തുകയാണെങ്കിൽ കേന്ദ്രത്തിന്റെയും സ്പോൺസർ ബാങ്കിന്റെയും ഓഹരി 51 ശതമാനത്തിൽതാഴെ ആകരുതെന്ന നിബന്ധനയോടെ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഓഹരി മൂലധനത്തിന്റെ സിംഹഭാഗവും കേന്ദ്ര/സംസ്ഥാന സർക്കാരിന്റേയും സ്പോൺസർ ബാങ്കുകളുടേയും പക്കൽ തന്നെ ആയിരിക്കുമെന്നും ആക്ട് ഉറപ്പ് നൽകുന്നുണ്ട്.

(ബി & സി) നിലവിൽ ഗ്രാമീണ ബാങ്കുകളിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി പങ്കാളിത്തം 15 ശതമാനമാണ്. അധിക മൂലധന സമാഹരണത്തെ തുടർന്ന് ഇത് 15 ശതമാനത്തിൽ താഴെയാകുകയാണെങ്കിൽ കേന്ദ്ര സർക്കാർ ബന്ധപ്പെട്ട സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് റീജിയണൽ റൂറൽ ബാങ്ക് (അമെന്റ്മെന്റ്) ആക്ട് 2015-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആ ഘട്ടത്തിൽ സംസ്ഥാനം ബന്ധപ്പെട്ട റീജിയണൽ റൂറൽ ബാങ്കുകളുടെ അഭിപ്രായം കൂടി തേടി സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly